**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3357        16/12/2015-ൽ മറുപടിയ്ക്ക്

# ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**,, കെ.അജിത്**<br>**,, മുല്ലക്കര രത്നാകരൻ**<br>**,, വി.ശശി** | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കേരളത്തെ സമ്പൂർണ്ണ ജൈവ സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പ്രഖ്യാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | എ) 2014-15-ൽ ആണ് സമ്പൂർണ്ണ ജൈവ കാർഷിക പദ്ധതി പ്രഖ്യാപിക്കപ്പെട്ടത്. പദ്ധതിയുടെ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. 2016 ഓടു കൂടി കേരളത്തെ സമ്പൂർണ്ണ ജൈവ സംസ്ഥാനമായി പ്രഖ്യാപിക്കുവാൻ ലക്ഷ്യമിട്ടു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് തുടർന്നു വരുന്നത്. |
| ബി) ജൈവ കാർഷിക ഉൽപന്നങ്ങൾ ഏറ്റെടുക്കുന്നതിന് ഏതെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | ബി) കൃഷി വകുപ്പിന്റെ സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം ആരംഭിച്ച ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷൻ മുഖേനയും, ക്ലസ്റ്റർതല ശേഖരണ കേന്ദ്രങ്ങൾ മുഖേനയും സംഭരിച്ച് വിപണനം നടത്തുന്ന പച്ചക്കറികളിൽ ഭൂരിഭാഗവും പ്രാദേശികമായി കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറികളാണ്. ഈ സംവിധാനം കൂടുതൽ വിപുലീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ജൈവ ഉല്പന്നങ്ങളും ഉല്പനോപാധികളും മാത്രം കൈകാര്യം ചെയ്യുവാനായി 5 ഇക്കോഷോപ്പുകൾ കാസർഗോഡ് ജില്ലയിൽ ആരംഭിച്ചു. ബാക്കി 13 ജില്ലകളിൽ കൂടി 65 |

ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന് കീഴിൽ സംസ്ഥാനത്തെ 14 ജില്ലകളിലുമായി 273 സ്വാശ്രയകർഷക സമിതികൾ പ്രവർത്തിച്ചുവരുന്നു. ജൈവ കാർഷിക ഉല്പന്നങ്ങൾ ഉൾപ്പെടെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും പഴങ്ങളും കർഷക പങ്കാളിത്തത്തോടെ നടത്തുന്ന ഈ സ്വാശ്രയകർഷക സമിതികളിൽ എത്തിച്ച് ലേലം ചെയ്താണ് വിപണനം നടത്തുന്നത്. കൂടാതെ 140 പച്ചക്കറി ചില്ലറ വില്പനശാലകളും കൗൺസിലിന് കീഴിൽ സംസ്ഥാനമൊട്ടാകെ പ്രവർത്തിച്ചുവരുന്നുണ്ട്.

സി) ജൈവ കർഷകരുടെ ഉൽപന്നങ്ങൾ വിറ്റഴിക്കാൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

ഡി ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഏതെങ്കിലും കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഡി ജൈവകൃഷി പ്രോത്സാഹനത്തിനായി കേന്ദ്ര സഹായമായി 849.38 ലക്ഷം രൂപയുടെ പദ്ധതിക്ക് 2015-16 വർഷം അംഗീകാരം ലഭിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.കെ.വി.വൈ (പാരമ്പരാഗത കൃഷി വികാസ് യോജന) മുഖേന 119 ക്ലസ്റ്ററുകളിലൂടെ ജൈവ കൃഷി പ്രോത്സാഹനത്തിനുള്ള വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നു.

സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ജൈവകൃഷി വ്യാപനം, ജൈവ സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നീ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികൾ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ